LIBRARY ARCHIVES Kerala Legislative Assembly

ഡി.പി.സി.-കൾ സമയബന്ധിതമായി ചേരുന്നതിന് നടപടി

46 (6193) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ നിശ്ചിതകാലയളവിൽ ചേരാത്തതിനാൽ ജീവനക്കാരുടെ പ്രൊമോഷൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് വകുപ്പിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി അവസാനമായി ചേർന്നത് എന്നാണെന്ന് അറിയിക്കുമോ ;

(സി) ഡി.പി.സി. സമയബന്ധിതമായി വിളിച്ചുചേർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 19-6-2014.

(സി) KS & SSR-ലെ ഭാഗം I ചട്ടം 28 (b) (i) -ൽ ഡി.പി.സി. ചേരുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. അപ്രകാരം, ഡി.പി.സി.യഥാസമയം വിളിച്ചുചേർക്കുന്നതിന് എല്ലാ വകുപ്പുതലവന്മാർക്കും സെക്രട്ടറിമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വികലാംഗ പെൻഷൻ

47 (6194) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗ പെൻഷൻ ലഭ്യമാക്കുന്നതിന് സ്വീകരിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിതരണം ചെയ്ത വികലാംഗ പെൻഷന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(സി) 2013 ഏപ്രിൽ 1-ന് ശേഷം അപേക്ഷിച്ച വികലാംഗവിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇവർക്ക് അടിയന്തരമായി പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വികലാംഗ പെൻഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും വിതരണം ചെയ്യുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാൽ അപേക്ഷകൾ സംബന്ധിച്ച വിവരം ടി സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.